# ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ

ഒക്ടോബർ 2020
ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഗവേഷണസ്ഥാപനം "ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്"


# മാലിന്യസംസ്കരണം
# അനുഭവങ്ങൾ പാഠങ്ങൾ

ഉറവിട മാലിന്യ സംസ്കരണത്തിൽ പ്രത്യേകിച്ച് വികേന്ദ്രീകൃത രീതിയിൽ, അത് നടപ്പിലാക്കുന്നതിൽ രണ്ട് പതിറ്റാണ്ട് നീണ്ട അനുഭവ സമ്പത്താണ് ഐ.ആർ.ടി.സിയ്ക്കുള്ളത്. അതിന്റെ പശ്ചാത്തലത്തിൽ വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണം; സുസ്ഥിര മാർഗ്ഗങ്ങൾ എന്ന വിഷയത്തിൽ സെപ്തംബർ 14ന് നടത്തിയ വെബിനാർ തദ്ദേശ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു.

"കേരളം നേരിടുന്ന മാലിന്യപ്രശ്നങ്ങൾക്ക് ശാസ്ത്രീയവും ജനപങ്കാളിത്തമുള്ളതുമായ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി അവലംബിച്ചും പശ്ചാത്തല സൗകര്യം ഒരുക്കിയും അവയെ മുന്നോട്ടു കൊണ്ടുപോകുന്നു. പുതിയ സംവിധാനങ്ങൾ നിലവിലുള്ള രീതികളെ ഇല്ലാതാകുന്നതല്ല മറിച്ച് അവയെ നവീകരിക്കാൻ ശ്രമിക്കുന്നതാണ്", വെബിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു.



തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ, അഡി. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ എന്നിവർ ഐ.ആർ.ടി.സി വെബിനാറിൽ സംസാരിക്കുന്നു

"സ്ഥലപരിമിതി, മാലിന്യങ്ങളുടെ സ്വഭാവത്തിലുള്ള വ്യത്യാസം എന്നിവ കണക്കിലെടുത്തുള്ള പ്രവർത്തങ്ങൾ സജീവമാകേണ്ടതുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തങ്ങളിലൂടെ സംസ്ഥാനത്ത് 35,000 പേർ നേരിട്ടും 35,000 പേർ അല്ലാതേയും തൊഴിലിൽ ഏർപ്പെടുന്നു", അദ്ദേഹം കൂട്ടിച്ചേർത്തു. ഈ രംഗത്തുള്ള ഐ.ആർ.ടി.സിയുടെ പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു.

അഡീ. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ഐ.എ.എസ് മുഖ്യപ്രഭാഷണം നിർവഹിച്ചു. കില ഡയറക്ടർ ജോയ് ഇളമൺ അദ്ധ്യക്ഷത വഹിച്ചു. ഉറവിടമാലിന്യ സംസ്കരണം; പ്രായോഗിക സമീപനം, മാലിന്യ സംസ്കരണം; ഐ.ആർ.ടി.സി ഇടപെടൽ, മാലിന്യ പരിപാലനം- ഹരിതകർമ്മസേനയുടെ സാധ്യതകൾ എന്നീ വിഷയങ്ങളിൽ പ്രൊഫ. പി.കെ. രവീന്ദ്രൻ, വി.ജി. ഗോപിനാഥൻ, ടി.പി. ശ്രീശങ്കർ എന്നിവർ അവതരണങ്ങൾ നടത്തി. വെബിനാറിലും അനുബന്ധ ചർച്ചയിലും തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും മാലിന്യ സംസ്കരണരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളും പൊതുജനങ്ങളും പങ്കെടുത്തു.



**പ്രൊഫ. പി.കെ. രവീന്ദ്രൻ**

നയരൂപീകരണത്തിലും ഉത്തരവാദിത്വ വിഭജനത്തിലുമുള്ള അവ്യക്തതകളും ആവശ്യമായ പഠനം നടത്താതെ സാങ്കേതികവിദ്യ – കേന്ദ്രീകൃത സംസ്കരണ രീതി പോലുള്ളവ – തിരഞ്ഞെടുക്കുന്നതും അനാവശ്യ ചിലവുകളുമാണ് മാലിന്യസംസ്കരണ രംഗത്ത് ഇന്ന് നമ്മൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. സമഗ്രമായ പദ്ധതികളുടെ അഭാവം, അതായത് എല്ലാ തരത്തിലുമുള്ള മാലിന്യങ്ങളുടെ പരിപാലനം ഇല്ലാത്തത് ഒരു പ്രതിസന്ധിയാണ്.



**വി.ജി. ഗോപിനാഥൻ**

പ്രാദേശികാടിസ്ഥാനത്തിൽ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആണ് ഐ.ആർ.ടി.സി അവലംബിച്ചത്. കൃത്യമായ പഠനങ്ങളും ചർച്ചകളും നടത്തി ഒരു വിശദമായ ഡി പി ആർ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പല വിജയ മാതൃകകൾ സൃഷ്ടിക്കാനും സാധിച്ചു. അതിനു വേണ്ടി കൃത്യമായ പരിശീലനം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥ സംവിധാനത്തിന്റെയും തുടർച്ചയായ സഹകരണവും ആവശ്യമാണ്.



**ടി.പി. ശ്രീശങ്കർ**

എം.സി.എഫുകൾ, എം.ആർ.എഫുകൾ, വാഹനം ഉൾപ്പടെ ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും തദ്ദേശ സ്ഥാപനങ്ങൾ ഒരുക്കി കൊടുക്കേണ്ടതാണ്. അങ്ങനെ വന്നാൽ മാലിന്യങ്ങൾ കൃത്യമായി വേർതിരിച്ച് വളവും, മൂല്യവർദ്ധിത ഉല്പന്നങ്ങളുമായി മാറ്റാൻ കഴിയും. ഉൽപന്ന വിപണനം, യൂസർ ഫീ മറ്റു സഹായക പ്രവർത്തനങ്ങൾ എന്നിവയിലൂടെ മറ്റു സ്വയംപ്രവർത്തക സംഘങ്ങൾ ആയി അവർക്ക് മാറാൻ സാധിക്കും.

വിമാനത്തിൽ യാത്ര ചെയ്തവരിൽ നിന്നു പടർന്ന വൈറസ് സ്വന്തമായി സൈക്കിൾ പോലുമില്ലാത്ത അനേകലക്ഷം ഇന്ത്യക്കാരെയാണ് ദുരിത പലായനത്തിലൂടെ നിലംപരിശാക്കിയതെന്ന് നാം കണ്ടു. ശാസ്ത്രത്തിന്റെ അത്യസാധാരണമായ ഇടപെടൽ ജീവിതത്തിന്റെ സമസ്തമേഖലകളിലും തെളിഞ്ഞുയർന്ന സന്ദർഭത്തിലും അശാസ്ത്രീയതകളുടെ ആൾരൂപങ്ങൾ അരങ്ങിലും അണിയറയിലും വിദൂഷകവേഷങ്ങളാടി തകർക്കുന്നതും കാണാനിടയായി. രോഗപകർച്ചയെ ചെറുക്കുന്നതിനൊപ്പം കോവിഡ് അനന്തര കാലത്തെ ആരോഗ്യ പ്രശ്നങ്ങൾ, സാമൂഹ്യപ്രശ്നങ്ങൾ എന്നിവയും സജീവ പഠനവിഷയങ്ങളാണിന്ന്.

തുടർച്ചയായ രണ്ടു പ്രളയത്തകർച്ചകൾക്കുശേഷമാണ് കേരളം മഹാമാരിയുടെ ദുരിതപ്പെരുമഴയിലകപ്പെട്ടതെങ്കിലും ശക്തമായ പ്രതിരോധത്തിലൂടെ ഒരു പരിധിവരെ പിടിച്ചുനിൽക്കുകയാണ്. കോവിഡ് മരണ നിരക്ക് കുറച്ചു നിർത്താൻ കഴിയുന്നു എന്നത് ആശ്വാസകരം തന്നെ. ഇച്ഛാശക്തിയുടെ, ജനകീയതയുടെ, സംവിധാനങ്ങളുടെ, സഹജീവിസ്നേഹത്തിന്റെ നിരവധി മാതൃകകൾ നമുക്കു പ്രത്യാശ പകരുന്നു. ഇതിനിടയിലും രോഗാതുരമായ മനസ്സുകൾ മറ്റൊരു മഹാമാരിപോലെ കേരളീയർക്ക് അനുഭവപ്പെടുകയും ചെയ്യുന്നു.

പരിഷത്ത് പ്രൊഡക്ഷൻ സെന്ററിന്റെ നേതൃത്വത്തിൽ സാനിറ്റൈസർ നിർമ്മിച്ചു കൊണ്ടും പരിശീലിപ്പിച്ചുകൊണ്ടുമാണ് ഐ.ആർ.ടി.സി. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. സോപ്പുൽപന്നങ്ങളുടെ വൈവിധ്യവൽക്കരണവും വിപുലമായ തോതിലുള്ള വിപണി ഇടപെടലും ആവശ്യമായ സാഹചര്യമാണുള്ളത്. ഐ.ആർ.ടി.സി ഹോസ്റ്റൽ കഴിഞ്ഞ ആറുമാസമായി കോവിഡ് ക്വാറന്റൈൻ കേന്ദ്രമായി പ്രവർത്തിക്കുകയാണ്. 5 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ചു നൽകുകയുണ്ടായി. കോവിഡ് സെന്ററുകളിലെ മാലിന്യ പരിപാലനത്തിനായുള്ള ഉപകരണങ്ങൾ നിർമിച്ച് വിതരണം ചെയ്യാൻ സാധിച്ചു. തിരിച്ചുവരുന്ന പ്രവാസികൾക്ക് തൊഴിൽസാധ്യത കണ്ടെത്തുന്നതിനായി ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചു.

വിപുലമായ തൊഴിൽ പരിശീലന പരിപാടികൾ, മത്സ്യകൃഷി, കൂൺകൃഷി തുടങ്ങിയ മേഖലകളിലെ ജീവനോപാധി വികസന പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്കാവശ്യമായ ഇന്റേൺഷിപ്പ്, പ്രൊജക്ട് സഹായങ്ങൾ, ഓൺലൈൻ കോഴ്സുകൾ, ഡിജിറ്റൽ ഇടപെടലുകൾ എന്നിങ്ങനെ സജീവമായി പ്രവർത്തിച്ചുകൊണ്ടുതന്നെ കോവിഡ് കാല പ്രതിസന്ധികളെ അതിജീവിക്കാനാണ് ഐ.ആർ.ടി.സി ശ്രമിയ്ക്കുന്നത്. ഹരിത സഹായ സ്ഥാപനത്തിന്റെ തനതു പരിപാടികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമാർജ്ജന പ്രൊജക്ടുകളുടെ കാര്യക്ഷമമായ നിർവ്വഹണം, നീർത്തടങ്ങളിലെ സവിശേഷ പ്രവർത്തനങ്ങൾ, ആദിവാസി കാർഷിക പദ്ധതിയുടെ നിർവ്വഹണം എന്നിവയെല്ലാം സമയനിഷ്ഠയോടെ ചെയ്യാൻ ഐ.ആർ.ടി.സിക്ക് കഴിയുന്നു എന്നത് ആഹ്ലാദം പകരുന്നു.

പ്രതിസന്ധികളെ അതിജീവിക്കാനുള്ള അന്വേഷണങ്ങൾക്കായുള്ള കൂട്ടായ്മകൾ നമുക്കു സജീവമാക്കാം. ശാസ്ത്രത്തിന്റെ അനന്ത സാധ്യതകളിൽ വിശ്വാസമർപ്പിക്കാം.



പരിസരദിനത്തോടനുബന്ധിച്ച് ഐ.ആർ.ടി.സി കാമ്പസിൽ ഡയറക്ടർ ഡോ. എസ്. ശ്രീകുമാറിന്റെ നേതൃത്വത്തിൽ വൃക്ഷത്തൈകൾ നട്ടു

# സാങ്കേതിക മികവിൽ സെന്റർ ഫോർ ജിയോ ഇൻഫോർമാറ്റിക്സ്


കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടുകൂടി നിലവിലുള്ള ജിയോ ഇൻഫോർമാറ്റിക്സ് ലബോറട്ടറിയിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ച് 'ജിയോ ഇൻഫോർമാറ്റിക്സ് സെന്റർ' ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസിൽ ആരംഭിച്ചു. ഭൂവിനിയോഗ കമ്മീഷണറും സംസ്ഥാന റിമോർട്ട് സെൻസിംഗ് ആന്റ് എൻവിറോൺമെന്റ് സെന്റർ ഡയറക്ടറുമായ ശ്രീ.എ നിസാമുദ്ദീൻ ആഗസ്റ്റ് 24 ന് സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ജിയോ ഇൻഫർമാറ്റിക്സ് സാങ്കേതികവിദ്യ എങ്ങിനെ തദ്ദേശസ്വയംഭരണ സംവിധാനത്തിൽ ഉപയോഗിക്കാം എന്ന വിഷയത്തിൽ വെബിനാറും സംഘടിപ്പിച്ചു.

പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച സ്ഥല പര വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പദ്ധതി ആസൂത്രകർ, വികസന വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, ഭരണ കർത്താക്കൾ എന്നിവർക്ക് നൽകുവാൻ കേന്ദ്രം ലക്ഷ്യമിടുന്നു. ജി.ഐ.എസ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ വിശകലനം ചെയ്യാനും, പ്രകൃതിദുരന്ത സാധ്യതാ പഠനങ്ങൾ നടത്തുവാനും ഭൂവിനിയോഗാസൂത്രണം നടത്താനും സാധിക്കും. ഉപഗ്രഹ സാങ്കേതിക വിദ്യയും ജി.ഐ.എസും ഏതു തരത്തിൽ പ്രായോഗികമായി വിവിധ മേഖലകളിൽ ഉപയോഗിക്കാം എന്നതിനെ അടിസ്ഥാനമാക്കി ഹ്രസ്വകാല പരിശീലന പരിപാടികൾ സംഘടിപ്പിക്കാനും കേന്ദ്രം ഉദ്ദേശിക്കുന്നു. പ്രകൃതി വിഭവ ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും പഞ്ചായത്ത്, ബ്ലോക്ക്തല മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്.

എഞ്ചിനീയറിംഗ്, എൻവിയോൺമെന്റൽ സയൻസ്, ജിയോളജി, ബോട്ടണി, ഫോറസ്ട്രി എന്നീ വിഷയങ്ങളിലുള്ള ഗവേഷണ വിദ്യാർത്ഥികൾക്ക് കൺസൾട്ടൻസി നടത്തി വരുന്നു. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ സാമ്പത്തിക സഹായത്തോടെ പാലക്കാട്,തൃശ്ശൂർ,കോഴിക്കോട് ജില്ലയിലുള്ള ക്വാറികളെ ജിയോ ടാഗ് ചെയ്യുവാനും, ഉപേക്ഷിച്ച ക്വാറികളെ ഫലപ്രദമായി ഉപയോഗിക്കുവാനുമുള്ള പഠനപദ്ധതിക്കാവശ്യമായ സാങ്കേതികസഹായവും കേന്ദ്രം നൽകുന്നു. പഞ്ചായത്ത് പ്രകൃതി വിഭവ ഡേറ്റ ബാങ്ക് തയ്യാറാക്കാനും പരിസ്ഥിതി സൗഹൃദ-വികസന രേഖ നിർമ്മിക്കാനുമുള്ള ശ്രമവും നടത്തി വരുന്നു.

**– ഡോ. എസ്. ശ്രീകുമാർ**

# സെന്റർ ഫോർ ജിയോ ഇൻഫോർമാറ്റിക്സ്



ഐ.ആർ.ടി.സി. ജൂബിലി കാമ്പസിൽ ആരംഭിച്ച പുതിയ ജിയോ ഇൻഫോർമാറ്റിക്സ് സെന്റർ

ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ രൂപീകരിച്ച സെന്റർ ഫോർ ജിയോ ഇൻഫോർമാറ്റിക്സ് 2020 ആഗസ്റ്റ് 25ന് സംസ്ഥാന ഭൂവിനിയോഗ കമ്മീഷണറും കേരള സ്റ്റേറ്റ് റിമോട്ട്സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ഡയറക്ടറുമായ എ. നിസാമുദ്ദീൻ ഉദ്ഘാടനം ചെയ്തു.

"സ്ഥലമാന സങ്കേതങ്ങളിലെ സമീപകാല പുരോഗതിയും വിദൂരസംവേദനം, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം എന്നീ മേഖലകളിലെ മുന്നേറ്റങ്ങളും പ്രാദേശിക ആസൂത്രണത്തിന് പുതിയ ദിശാബോധം നൽകും.

പ്രകൃതിവിഭവ പരിപാലനം, ദുരന്ത നിവാരണം, പാരിസ്ഥിതിക പ്രശ്നാവലോകനം എന്നിവയ്ക്കു ഈ സാങ്കേതിക വിദ്യകൾ വളരെ ഫലപ്രദമായി ഉപയോഗിക്കുവാനാകും", സെന്റർ ഉദ്ഘാടനം ചെയ്തുകൊണ്ട് നിസാമുദീൻ പറഞ്ഞു.

"ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിന് പൂർണ്ണമായ രീതിയിൽ ശാസ്ത്രസാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ സ്ഥലപരമായ കൃത്യതയോടെ തയ്യാറാക്കുന്നതിനും വിഭവാവസ്ഥ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതിനും ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനും അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും ജിയോസ്പേഷ്യൽ സാങ്കേതികവിദ്യ സഹായകരമാണ്", അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതിനോടകം തന്നെ പ്രാദേശിക തലത്തിൽ വാട്ടർഷെഡ് മാസ്റ്റർപ്ലാനകൾ തയ്യാറാക്കൽ, വയനാട് ജില്ലയിലെ ദുരന്തങ്ങളുടെ ആഘാതം വിശകലനം ചെയ്യുന്നതിനുള്ള വിശദമായ പഠനം, ഫ്ലഡ് മാപ്പിംഗ് എന്നിവയെല്ലാം ഐ.ആർ.ടി.സി. ഏറ്റെടുത്ത് നടത്തി. കൂടാതെ എട്ട് ബാച്ചുകൾക്ക് വിദൂര സംവേദനത്തിലും (റിമോട്ട് സെൻസിംഗ്), ഭൂവിവര വ്യവസ്ഥയിലും (ജി.ഐ.എസ്) പരിശീലനങ്ങൾ നൽകി.

പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിനായി പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ നിലവിലുള്ളതും ഉപേക്ഷിക്കപ്പെട്ടതുമായ ക്വാറികൾ സംബന്ധിച്ച പഠനം കേന്ദ്രത്തിന്റെ സൗകര്യങ്ങൾ ഉപയോഗിച്ച് ഏറ്റെടുത്തു നടത്തുന്നുണ്ട്. തിരിച്ചറിഞ്ഞ സ്ഥലങ്ങളിൽ പരിസ്ഥിതി പുനസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനും പഠനം ലക്ഷ്യമിടുന്നു. കൂടാതെ, കേരളത്തിലെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിനായി റോഡ് കണക്റ്റിവിറ്റി, നിലവിലെ ഭൂവിനിയോഗ രീതി, ദുരന്ത സാധ്യതകൾ എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം തയ്യാറാക്കാനും ഐ.ആർ.ടി.സി ലക്ഷ്യമിടുന്നുണ്ട്." ചടങ്ങിനെ അഭിസംബോധന ചെയ്തുകൊണ്ട് ഐആർടിസി ഡയറക്ടർ ഡോ. എസ്. ശ്രീകുമാർ പറഞ്ഞു.

ഐ.ആർ.ടി.സി രജിസ്ട്രാർ കെ.കെ. ജനാർദ്ദനൻ സ്വാഗതമാശംസിച്ചു. റിസർച്ച് ഡയറക്ടർ ഡോ. സി. ജോർജ്ജ് തോമസ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിഡന്റ് എ.പി. മുരളീധരൻ, നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് വിഭാഗം മേധാവി ആർ. സതീഷ്; എന്നിവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു. പ്രോജക്ട് സയന്റിസ്റ്റ് ആനന്ദ് സെബാസ്റ്റ്യൻ നന്ദി രേഖപ്പെടുത്തി. രാജൻ എം., വിവേക് അശോകൻ, ഷിന്റോ പി.സി. എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.



ഓൺലൈൻ ഉദ്ഘാടന ചടങ്ങിൽ നിന്നും



ജൂബിലി കാമ്പസിൽ സജ്ജീകരിച്ച ജിയോ ഇൻഫോർമാറ്റിക്സ് പരിശീലനകേന്ദ്രം

# ഐ.ആർ.ടി.സിയും തന്നാലായത്



സമത പ്രവർത്തകരുടെ നേതൃത്വത്തിൽ സാനിറ്റൈസറുകൾ തയ്യാറാക്കുന്നു

കോവിഡ്-19 രോഗവ്യാപനത്തിന്റെ ആദ്യനാളുകളിൽ തന്നെ ഐ.ആർ.ടി.സി തനതായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു. സാനിറ്റൈസറിന്റെ ആവശ്യം കൂടിവരികയും ക്ഷാമമനുഭവപ്പെടുകയും ചെയ്ത ആദ്യഘട്ടത്തിൽ ഐ.ആർ.ടി.സി ലബോറട്ടറിയുടെ സാങ്കേതിക സഹായത്തോടെ സാനിറ്റൈസർ നിർമിച്ച് വിതരണം ചെയ്തു. പിന്നീട് പരിഷദ് പ്രൊഡക്ഷൻ സെന്ററിന്റെ സഹായത്തിൽ എക്സൈസ് വകുപ്പിന്റെ സഹായത്തോടെ ലഭ്യമാക്കിയ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ വിവിധ സ്ഥാപനങ്ങൾക്കും ജില്ലാ ഘടകങ്ങൾക്കും സാനിറ്റൈസർ ലഭ്യമാക്കി.

പാലക്കാട് ജില്ലാ ജയിലിൽ ഉൾപ്പെടെ സാനിറ്റൈസർ നിർമാണ പരിശീലനങ്ങൾക്ക് നേതൃത്വം നൽകുകയും ഐ.ആർ.ടി.സി ലബോറട്ടറിയിൽ നിന്ന് സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്തു.

സ്ത്രീകളുടെ ഉൽപാദന യൂണിറ്റ് നിർമിച്ച ചെലവു കുറഞ്ഞ മാസ്കുകളുടെ പ്രചാരണം, ഫസ്റ്റ് ലൈൻ കോവിഡ് സെന്ററുകളിൽ മാലിന്യ പരിപാലനത്തിനുള്ള സാങ്കേതികസഹായങ്ങൾ, ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ നിർമാണം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പി.പി.സിയുടെ നേതൃത്വത്തിൽ നടന്നു.

## ദുരിതാശ്വാസനിധിയിലേക്ക് അഞ്ച് ലക്ഷം രൂപ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഐ.ആർ.ടി.സി സ്ഥാപനങ്ങളുടെയും പ്രവർത്തകരുടെയും സംഭാവനയായി അഞ്ച് ലക്ഷം രൂപ സമാഹരിച്ച് നൽകി.

## ക്വാറന്റൈൻ സെന്റർ

ഐ.ആർ.ടി.സിയുടെ ജൂബിലി കാമ്പസിലെ ഹോസ്റ്റൽ കഴിഞ്ഞ ആറ് മാസമായി ആരോഗ്യവകുപ്പിനു വേണ്ടി ക്വാറന്റൈൻ സെന്ററായി പ്രവർത്തിച്ചു വരുന്നു.

## പ്രവാസികൾക്ക് ഹെൽപ് ഡെസ്ക്

കോവിഡ് രോഗ വ്യാപനത്താലോ മറ്റ് കാരണങ്ങളാലോ വിദേശത്ത് നിന്ന് തൊഴിൽ നഷ്ടപ്പെടുകയോ അവസാനിപ്പിക്കുകയോ ചെയ്ത പ്രവാസികൾക്ക് വേണ്ടി വിവിധ തരത്തിലുള്ള സേവനങ്ങൾ നൽകുന്നതിനായി മുണ്ടൂർ ഐ.ആർ.ടി.സിയിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചു.

നാട്ടിലേക്ക് തിരിച്ചു വരുന്ന പ്രവാസികൾക്ക് അവരവരുടെ തൊഴിൽ മേഖലയെ അടിസ്ഥാനമാക്കിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ , കേരളത്തിൽ ലഭ്യമായിട്ടുള്ള  സർക്കാർ ഏജൻസികളുടെ വിവിധ സേവനങ്ങളെക്കുറിച്ചുള്ള അറിവ് നൽകൽ, ഐ.ആർ.ടി.സി.യ്ക്ക് വൈദഗ്ധ്യമുള്ള മേഖലകളിൽ പരിശീലനങ്ങളും തുടർപ്രവർത്തനങ്ങളും, ചെറുകിട സംരംഭകത്വ പരിശീലനങ്ങൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഹെല്പ് ഡെസ്കിലൂടെ ലക്ഷ്യമിടുന്നത്.

ഇത്തരം സേവനങ്ങൾ ആവശ്യം ഉള്ളവർക്ക് ഐ.ആർ.ടി.സി ഹെല്പ് ഡെസ്കിലെ താഴെ പറയുന്ന നമ്പറുകളിൽ വിളിക്കാവുന്നതാണ്.

സാബു കെ.വി: 9496603389, മാത്യു എ.കെ: 9495111768

Detergent Challenge

## ഒരാഴ്ചയിൽ 10000 കിലോഗ്രാം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണത്തിന് കോഴിക്കോട് കക്കോടിയിലെ ഡി.വൈ.എഫ്.ഐ പ്രവർത്തകർക്ക് ആവശ്യം 5000 കിലോ ഡിറ്റർജന്റ്. വീടുകൾ കയറിയുള്ള പ്രചാരണം മുറുകിയതോടെ ആവശ്യം 10000 കിലോഗ്രാമായി മാറി. പരിഷദ് പ്രൊഡക്ഷൻ സെന്ററിലെ പ്രവർത്തകർ രാപ്പകൽ ജോലി ചെയ്ത് റെക്കോർഡ് വേഗത്തിൽ ആവശ്യമാത്ര ഡിറ്റർജന്റ് പാക്കറ്റുകൾ തയ്യാറാക്കി നൽകിയത് ആവേശകരമായ അനുഭവമായി.

ഡിറ്റർജന്റുകൾ, ഹാന്റ് വാഷ് തുടങ്ങിയ ശുചീകരണ ഉൽപന്നങ്ങൾക്ക് ആവശ്യം വർധിച്ചിട്ടുണ്ട്. ആവശ്യമായ അളവിൽ ഉൽപാദിപ്പിക്കാനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഈ QR Code സ്കാൻ ചെയ്ത് സംഭാവന നൽകാവുന്നതാണ്

# കയർ എമ്പോറിയം

## ഡോ.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു

സംസ്ഥാന കയർ കോർപ്പറേഷനുമായി സഹകരിച്ച് സമതവില്ലേജിൽ ആരംഭിച്ച കയർ എമ്പോറിയം ധനം-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ എല്ലാ പരമ്പരാഗത ഉൽപന്നങ്ങളും ഒരേ കുടക്കീഴിൽ ഒരുക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ പദ്ധതി. ഇതോടെ ഖാദി - കൈത്തറി തുണികൾ, മൺപാത്രങ്ങൾ, അലങ്കാര പാത്രങ്ങൾ, കരകൗശല വസ്തുക്കൾ, ഗ്രാമീണ ഉൽപന്നങ്ങൾ എന്നിവയ്ക്കു പുറമെ കയറുൽപന്നങ്ങളും



കയർ എമ്പോറിയത്തിന്റെ ഓൺലൈൻ ഉദ്ഘാടനം ധനകാര്യ മന്ത്രി ഡോ.തോമസ് ഐസക് നിർവ്വഹിക്കുന്നു

ഇവിടെ ലഭ്യമാകും. കയർ-ഖാദി ഉൽപന്നങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ടും അനുവദിച്ചിട്ടുണ്ട്.

ഓൺലൈനായി നടന്ന ഉദ്ഘാടന ചടങ്ങിൽ കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ അദ്ധ്യക്ഷത വഹിച്ചു. ഐ.ആർ.ടി.സി/പി.പി.സി ചെയർമാൻ എ.പി. മുരളീധരൻ, കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ജി. ശ്രീകുമാർ, ഐ.ആർ.ടി.സി ഡയറക്ടർ ഡോ. എസ്. ശ്രീകുമാർ, രജിസ്ട്രാർ കെ.കെ. ജനാർദ്ദനൻ എന്നിവർ സംസാരിച്ചു.

## കാർഷികവിപണനകേന്ദ്രം പ്രവർത്തനമാരംഭിച്ചു

സമത വില്ലേജിൽ പ്രാദേശിക ഉൽപന്ന വിപണന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. കോങ്ങാട്, മുണ്ടൂർ, അകത്തേത്തറ, പുതുപ്പരിയാരം എന്നീ മേഖലകളിലെ കർഷകരുടെ ഉൽപന്നങ്ങൾ സംഭരിച്ച് വിൽപ്പന നടത്തും. ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. പി.കെ. രവീന്ദ്രൻ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. പ്രാദേശിക കർഷക പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു. ഐ.ആർ.ടി.സിയിൽ ഉൽപാദിപ്പിക്കുന്ന ജൈവപച്ചക്കറികളും ഇവിടെ ലഭ്യമാക്കും.



സമത പച്ചക്കറിക്കടയിലെ പ്രവർത്തനോദ്ഘാടനത്തിന്റെ ഭാഗമായി പ്രൊഫ. പി.കെ. രവീന്ദ്രൻ ഐ.ആർ.ടി.സി പ്രവർത്തക സോഫി കെ, ആന്റണിക്ക് പച്ചക്കറി കൈമാറിയപ്പോൾ

പുതിയതായി ആരംഭിച്ച അരിക്കട



നവീകരിച്ച ഗ്രാമകല വിപണനകേന്ദ്രം



# 3R പാക്കേജ് പദ്ധതി ഉദ്ഘാടനം

തീരദേശ മേഖലയിൽ മത്സ്യവിൽപ്പനയും അനുബന്ധ തൊഴിൽ ചെയ്യുന്നവരുമായ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് രൂപീകരിച്ച 3R (Rebuilding, Revival, Reform) പാക്കേജ് പദ്ധതിയുടെ ഉദ്ഘാടനം ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ നിർവ്വഹിച്ചു. ആദ്യഘട്ടത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 5 പേരടങ്ങുന്ന 200 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് 1000 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകുന്നു. ഈ പദ്ധതിക്ക് ഐ.ആർ.ടി.സി സാങ്കേതികസഹായം നൽകി വരുന്നു.

# അപ്പാരൽ പാർക്ക് ഉദ്ഘാടനം



കൊല്ലം ജില്ലയിലെ കുണ്ടറയിൽ പുതിയതായി ആരംഭിച്ച അപ്പാരൽ പാർക്കിന്റെ ഉദ്ഘാടനം ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് & കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടി നിർവഹിച്ചു. അഷ്ടമുടി കായലിന്റെ തീരങ്ങളിൽ മത്സ്യബന്ധനത്തിലും അനുബന്ധ ജോലികളിലും ഉപജീവനം കണ്ടെത്തുന്ന 50ഓളം സ്ത്രീകൾക്ക് സ്ഥിരവരുമാനം ലഭ്യമാക്കാനും ഈ പദ്ധതി ലക്ഷ്യം വെക്കുന്നു. കേരള ഫിഷറീസ് വകുപ്പ്, സൊസൈറ്റി ഫോർ അസ്സിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) വഴി നിരവധി പദ്ധതികളാണ് മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി നടപ്പിലാക്കി വരുന്നത്. സാഫിന്റെ സാങ്കേതിക സഹായ ഏജൻസിയായി പ്രവർത്തിച്ച് വരികയാണ് ഐ.ആർ.ടി.സി.



# മാലിന്യംസംസ്കരണം; കൊടുങ്ങല്ലൂർ നഗരസഭ

കൊടുങ്ങല്ലൂർ നഗരസഭയിലെ മാലിന്യ സംസ്കരണ പദ്ധതികളുടെ ഭാഗമായി ബയോ ഡൈജസ്റ്റർ പോട്ടുകളുടെ വിതരണോദ്ഘാടനം മുനിസിപ്പൽ ചെയർമാൻ ശ്രീ.കെ.ആർ.ജൈത്രൻ നിർവഹിച്ചു. ആദ്യദിനത്തിൽ 189 പോട്ടുകൾ വിതരണം ചെയ്തു.

ആകെ 1200 ബയോ സൈജസ്റ്റർ പോട്ടുകളാണ് ഈ വർഷത്തെ പദ്ധതിയിൽ വിതരണം ചെയ്യുന്നത്. ഇതിന് പുറമെ 4000 പൈപ്പ് കമ്പോസ്റ്റുകളും 500 ബയോഗ്യാസ് പ്ലാന്റുകളും പദ്ധതിയിലുൾപ്പെടുത്തിവിതരണം ചെയ്യും.

ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ നഗരസഭയിൽ ഹരിത കർമ്മ സേനാംഗങ്ങൾ ഉൾപ്പെടുന്ന 11 അംഗ ഗ്രീൻ ടെക്നീഷ്യന്മാരെ പരിശീലിപ്പിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിലാണ് ബയോ ഗ്യാസ് പ്ലാന്റുകളും ബയോഡൈജസ്റ്റർ പോട്ടുകളും വീടുകളിൽ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും.

നഗരസഭയിൽ ആകെ 20000 വീടുകളുണ്ട്. ഇവയിൽ മുഴുവൻ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാനുള്ള ലക്ഷ്യത്തിലാണ് കൊടുങ്ങല്ലൂർ നഗരസഭ.

ബയോ ഡൈജസ്റ്റർ പോട്ടുകളുടെ വിതരണോദ്ഘാടനത്തിൽ നഗരസഭാ വൈസ് ചെയർമാൻ ഹണി പീതാംബരൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺമാരായ സി.കെ.രാമനാഥൻ, ശോഭാ ജോഷി, പി എൻ രാമദാസ്, തങ്കമണി സുബ്രഹ്മണ്യൻ കൗൺസിലർമാരായ വി.ജി. ഉണ്ണികൃഷ്ണൻ, വി.എം. ജോണി തുടങ്ങിയവർ പങ്കെടുത്തു. നഗരസഭാ ഹെൽത്ത് സൂപ്പർവൈസർ കെ.വി. ഗോപാലകൃഷ്ണൻ, പരിഷത്ത് മേഖലാ സെക്രട്ടറി വി. മനോജ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ പുരോഗമിക്കുന്നത്.



ഐ.ആർ.ടി.സിയിൽ ഓസോൺ ദിനാചരണം പ്രൊഫ. പി.കെ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# പ്രോബയോട്ടിക്സ് ബയോഫ്ളോക്ക്

## മത്സ്യകൃഷിയിൽ പുതിയ സാങ്കേതിക വിദ്യ

സ്വാതി എം.
സൂര്യ സേതുമാധവൻ

പ്രോബയോട്ടിക്സ് ഉപയോഗിച്ച് മത്സ്യകൃഷി നടത്തുന്നരീതിയാണ് ബയോഫ്ളോക്. ഉപകാരപ്രദമായ നല്ല ബാക്ടീരിയകളെ പ്രൊബയോട്ടിക്സ് എന്നു വിളിക്കുന്നു. 'ലാക്ടോബാസിലസ്' ബാക്ടീരിയയെ (തൈര്, പഴങ്ങൾ, യീസ്റ്റ് ഉപയോഗിച്ച് ഉണ്ടാക്കുന്ന ബാക്ടീരിയ) ആണ് ബയോഫ്ളോകിൽ ഉപയോഗിക്കുന്നത്. ഗ്രാം പോസിറ്റിവ് ആയ ഈ ബാക്ടീരിയകൾ മനുഷ്യർക്ക് ഹാനികരമല്ല. മത്സ്യകൃഷിക്ക് നിലവിലുള്ള പല പ്രശ്നങ്ങളും പരിഹരിക്കാനും ചെലവും കുറയ്ക്കാനും കഴിയുന്നു എന്നതാണ് ഈ കൃഷിരീതിയുടെ പ്രത്യേകത. തീറ്റയുടെ അളവ് 30 - 40 % കുറച്ച് പകരം സൂക്ഷ്മ ജീവികളും, ജന്തു - സസ്യ പ്ലവകങ്ങളും വളർത്തു മീനുകൾക്കു തീറ്റയാക്കുന്നു.

ഇതുവരെ നൽകിയിരുന്നത് മീനുകൾക്ക് വളരാൻ വേണ്ട പ്രോട്ടീൻ ആയിരുന്നുവെങ്കിൽ ഈ പുതിയ സാങ്കേതിക വിദ്യയിൽ തീറ്റയുടെ നല്ലൊരു പങ്ക് സൂക്ഷ്മ ജീവികൾക്കും പ്ലവകങ്ങൾക്കും വളരാൻ വേണ്ട അന്നജമാണ്. ഇവിടെ പ്രോട്ടീൻ തീറ്റയുടെ അളവ് കുറയ്ക്കുകയും പകരം ചെലവു കുറഞ്ഞ അന്നജം ബാക്ടീരിയകൾക്കുള്ള ഭക്ഷണമായി നൽകുന്നു. ഇതേ തുടർന്ന് ബാക്ടീരിയകളുടെ എണ്ണം ക്രമാതീതമായി പെരുകുന്നു. എണ്ണം കൂടുന്നതോടെ ഇവ സൂക്ഷ്മ സസ്യജന്തു പ്ലവകങ്ങളും, മത്സ്യ വിസർജ്യവുമായി ചേർന്ന് പ്രൊട്ടീൻ സമ്പുഷ്ടമായ കൂട്ടങ്ങൾ അഥവാ 'ഫ്ളോക്കുകളായി' മാറുന്നു. ഈ ഫ്ളോക്കുകൾ കുളത്തിൽ വളരുന്ന മീനുകൾക്ക് ആഹാരമാകും. ഇതുവഴി മീനുകൾക്ക് ആവശ്യമായ പ്രോട്ടീൻ ലഭിക്കുന്നു.



പ്രൊബയോട്ടിക്സ് നിർമാണം അവസാനഘട്ടത്തിൽ

പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ടാങ്കിൽ നിക്ഷേപിച്ച ഗിഫ്റ്റ് മത്സ്യങ്ങൾ ഇപ്പോൾ വിളവെടുത്തുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ പുതിയതായി 12000 ലിറ്റർ സംഭരണശേഷിയുള്ള 4 ടാങ്കുകൾ കൂടി നിർമിക്കുന്നു. നാല് ടാങ്കുകളിലും വ്യത്യസ്ത മത്സ്യങ്ങളെ വളർത്തുന്നതിനായി തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. ഈ സൗകര്യങ്ങളെല്ലാം പരിശീലനത്തിന് കൂടി ഉപയോഗിക്കുന്നതാണ്.

ഐ.ആർ.ടി.സി ക്യാമ്പസിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ബയോഫ്ളോക് യൂണിറ്റുകളിലേക്ക് ആവശ്യമായി വരുന്ന പ്രൊബയോട്ടിക്സിന്റെ നിർമ്മാണം, മത്സ്യം വളർത്താൻ താൽപര്യമുള്ള നാലു പേർക്ക് പരിശീലനം നൽകിക്കൊണ്ട് പങ്കാളിത്ത രീതിയിലാണ് പൂർത്തിയാക്കിയത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിയ പരിശീലനത്തിൽ പ്രൊഫ.ബി.എം. മുസ്തഫ, ഡോ. പി.എൻ. ദാമോദരൻ, സ്വാതി.എം, സൂര്യ എന്നിവർ നേതൃത്വം നൽകി.



ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൌക്കത്തലി തൈകൾ നട്ട് ഉദ്ഘാടനം ചെയ്യുന്നു



ആദിവാസിസ്ത്രീകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന നവജ്യോതി കാർഷിക നഴ്സറിക്കു വേണ്ട നിർദേശങ്ങൾ ഐ.ആർ.ടി.സി വിദഗ്ധർ നൽകുന്നു

# ഊർങ്ങാട്ടിരിയിൽ ടി.ഡി.എഫ് പദ്ധതി പുരോഗമിക്കുന്നു

ഉർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ നബാഡ് ടി.ഡി.എഫ്-വാടി പദ്ധതിയുടെ ഉദ്ഘാടനം നടന്നു. പഞ്ചായത്തിലെ നെല്ലിയായി, കുരീരി, ചെക്കുന്ന്, കൊടുമ്പുഴ, ആലപ്പാറ, പന്നിയാം മല, വെണ്ടേക്കും പോയിൽ, മൈലാടി എന്നീ ആദിവാസി ഊരുകളാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. ആദ്യഘട്ടത്തിൽ നെല്ലിയായി, കുരീരി എന്നീ ഊരുകളിലാണ് നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഊരുമൂപ്പൻ എൻ. സി. ഗോപാലന്റെ അദ്ധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൗക്കത്തലി തൈകൾ നട്ടുകൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർമാർ നെല്ലിയായി, കുരീരി എന്നീ ഊരുകളിലെ കർഷകർ എന്നിവർ പങ്കെടുത്തു. പദ്ധതിയെ സംബന്ധിച്ച് ഐ.ആർ.ടി.സി പ്രതിനിധികൾ വിശദീകരിച്ചു.

സുസ്ഥിര കാർഷികവൃത്തിയിലേക്ക് ആദിവാസി കർഷകരെ തിരികെ കൊണ്ടുവരാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഐ.ആർ.ടി.സിയുടെ നേതൃത്വത്തിൽ അട്ടപ്പാടി പുതൂർ പഞ്ചായത്തിലെ 8 ഊരുകളിൽ നടപ്പിലാക്കിയ ടി.ഡി.എഫ് പദ്ധതി ഒക്ടോബറിൽ അവസാനിക്കുകയാണ്. ഇതിന്റെ ഫലപ്രാപ്തി കൂടുതൽ വിപുലമായ രീതിയിൽ ആദിവാസി മേഖലയിൽ നടപ്പിലാക്കാൻ ഐ.ആർ.ടി.സിക്ക് പ്രചോദനമായി. ഊർങ്ങാട്ടിരിക്കു പുറമെ ചാലിയാർ പഞ്ചായത്തിലും പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

# ശാസ്ത്രദിനാഘോഷം സംഘടിപ്പിച്ചു

ശാസ്ത്രമേഖല ഏറ്റവുമധികം വെല്ലുവിളികൾ നേരിടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. അതിനെതിരെ ഉത്തരവാദിത്വപരമായ സമീപനമാണ് എല്ലാവരും സ്വീകരിക്കേണ്ടത് എന്ന ഓർമ്മപ്പെടുത്തലിൽ ദേശീയ ശാസ്ത്രദിനം ഐ.ആർ.ടി.സി. വിപുലമായി ആഘോഷിച്ചു.

ശാസ്ത്രാന്വേഷണത്തിന്റെ വഴികൾ, പ്രത്യേകിച്ച് ജീവശാസ്ത്രത്തിന്റെയും ജീവപരിണാമത്തിന്റെയും വിസ്മയ ജാലകങ്ങൾ മലയാളികൾക്ക് പരിചയപ്പെടുത്തിയ അധ്യാപകനും ശാസ്ത്രസാഹിത്യ കാരുമായ പ്രൊഫ. എം. ശിവശങ്കരന്റെ പേരിലുള്ള പുസ്തക കോർണർ ഐ.ആർ.ടി.സി. ലൈബ്രറിയിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിഡന്റും ഐ.ആർ.ടി.സി. ചെയർമാനുമായ എ. പി. മുരളീധരൻ ഉദ്ഘാടനം ചെയ്തു.


ശാസ്ത്രദിനത്തിൽ കെ. രമ, ഡോ. കാവുമ്പായി ബാലകൃഷ്ണൻ, ഡോ. കെ. പി. അരവിന്ദൻ എന്നിവർ പ്രഭാഷണം നടത്തുന്നു

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരണ സമിതി ചെയർമാൻ ഡോ. കാവുമ്പായി ബാലകൃഷ്ണൻ പ്രൊഫ. എം. ശിവശങ്കരൻ അനുസ്മരണ പ്രഭാഷണം നടത്തി.

"വൈദ്യശാസ്ത്രത്തിലെ ഡാർവിൻ" എന്ന വിഷയത്തിൽ ഡോ. കെ. പി. അരവിന്ദനും "ശാസ്ത്രരംഗത്തെ സ്ത്രീകൾ" എന്ന വിഷയത്തിൽ കെ. രമയും പ്രഭാഷണം നടത്തി. ഐ.ആർ.ടി.സി. ജീവനക്കാരും പാലക്കാട് ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളും പരിപാടികളിൽ പങ്കെടുത്തു.


പ്രൊ എം. ശിവശങ്കരൻ പുസ്തക കോർണർ ഐ.ആർ.ടി.സി. ലൈബ്രറിയിൽ പരിഷത്ത് സംസ്ഥാന പ്രസിഡന്റ് എ.പി. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

## നവീകരണം



പാലക്കാട് റെയിൽവേ ഡിവിഷനിൽ ഐ.ആർ.ടി.സി പോട്ടറി ഡിവിഷന്റെ നേതൃത്വത്തിൽ നിർമിച്ച 'ബോധി വൃക്ഷച്ചുവട്ടിലെ ബുദ്ധൻ' എന്ന ടെറാക്കോട്ട ശില്പം നവീകരിച്ചു. റെയിൽവേ ഡിവിഷന്റെ വർക്ക് ഓർഡർ പ്രകാരം ശില്പം വൃത്തിയാക്കി പുതുക്കി പെയിന്റ് ചെയ്ത് ആകർഷകമാക്കി. ആർട്ടിസ്റ്റ് റെജീഷ് കോട്ടായി നേതൃത്വം നൽകി. ഇതുകൂടാതെ 'ഫാമിലി ട്രീ' എന്ന പേരിലുള്ള മറ്റൊരു ടെറാക്കോട്ട ശില്പവും പാലക്കാട് റെയിൽവേ സ്റ്റേഷനിൽ ഐ.ആർ.ടി.സി നിർമിച്ചിട്ടുണ്ട്.

## കാലാവസ്ഥാമാറ്റവും കാർഷികമേഖലയും; ശില്പശാല

പാലക്കാട് ജില്ലയിലെ തിരഞ്ഞെടുത്ത 20 നീർത്തടങ്ങളിലെ 50ലധികം കർഷക പ്രതിനിധികൾക്ക് നബാർഡിന്റെ സഹായത്തോടെ ഐ.ആർ.ടി.സി. ഏകദിന ബോധവത്കരണ ക്ലാസ്സ് നടത്തി. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കാർഷിക മേഖലയെ എങ്ങനെ സ്വാധീനിക്കുന്നു എന്ന വിഷയത്തിൽ ചർച്ചകൾ നടന്നു. നബാർഡ് ജില്ലാ വികസന മാനേജർ ലാലു പി.എൻ. ശില്പശാല ഉദ്ഘാടനം ചെയ്തു.

കാലാവസ്ഥാ വ്യതിയായനത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് ഡോ. ബേബി ചക്രപാണി ക്ലാസ്സെടുത്തു. കാർഷികമേഖലയിൽ കാലാവസ്ഥാ വ്യതിയാനം ചെലുത്തുന്ന സ്വാധീനത്തെ കുറിച്ച് സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്പ്മെന്റ് ആന്റ് മാനേജ്മെൻറ് സീനിയർ ശാസ്ത്രജ്ഞൻ ആയ ഡോ. യു. സുരേന്ദ്രനും വിവിധ തരത്തിലുള്ള പ്രകൃതി ദുരന്തങ്ങളെ പ്രത്യേകിച്ച് ഉരുൾപൊട്ടലുകളെ ആസ്പദമാക്കി ഭൗമശാസ്ത്രജ്ഞനനും ഐ.ആർ.ടി.സി. ഡയറക്ടറുമായ ഡോ. എസ്. ശ്രീകുമാർ ക്ലാസ്സെടുത്തു.

കാർഷിക സർവ്വകലാശാലാ മുൻ ഡീൻ ഡോ. ജോർജ് തോമസ്, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സുരേഷ് ബാബു, ജോസ് മാത്യൂസ്, മികച്ച കർഷകനുള്ള അവാർഡ് ജേതാവ് തുടങ്ങിയവർ പങ്കെടുത്ത പാനൽ ചർച്ച ശില്പശാലയുടെ ഭാഗമായി സംഘടിപ്പിച്ചു. ഭാവി പദ്ധതികൾക്ക് വേണ്ട രൂപരേഖ ഐ.ആർ.ടി.സി. നാച്ചുറൽ റിസോഴ്സ് വിഭാഗം മേധാവി ആർ. സതീഷ് പ്രതിനിധികളുമായി ചർച്ച ചെയ്തു.







# പുല്ലുണ്ടശ്ശേരിയിൽ മണ്ണ്-ജലസംരക്ഷണ പദ്ധതി

## സോയിൽ കാർഡ് വിതരണം

നബാർഡ് KfW സോയിൽ പ്രോജക്ടിൽ ഒന്നാംഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട സോയിൽ ഹെൽത്ത് കാർഡിന്റെ വിതരണോദ്ഘാടനവും ക്ലാസും പുല്ലുണ്ടശ്ശേരി നീർത്തടത്തിൽ നടത്തി. മണ്ണിനെ അറിഞ്ഞുള്ള വളപ്രയോഗത്തിന് സോയിൽ ഹെൽത്ത് കാർഡിന്റെ പ്രാധാന്യത്തെ കുറിച്ച് ഐ.ആർ.ടി.സി അഗ്രികൾച്ചറൽ കൺസൽട്ടന്റ് ഇ.കെ. യൂസഫ് ക്ലാസെടുത്തു. കോവിഡിന്റെ പശ്ചാത്തലത്തിൽ നീർത്തട പ്രദേശങ്ങളിൽ വിപുലമായ ക്ലാസുകൾ നടത്താൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് പുല്ലുണ്ടശ്ശേരി നീർത്തടത്തിൽ ആഗസ്ത് 14 ന് നടത്തിയ ക്ലാസിന്റെ വീഡിയോ റെക്കോർഡ് ചെയ്ത് മറ്റ് നീർത്തട പ്രദേശത്തെ കർഷകർക്ക് സോയിൽ കാർഡിനൊപ്പം നൽകാനാണ് തീരുമാനം.

- സോയിൽ ഹെൽത്ത് കാർഡിന്റെ സഹായത്തിൽ ശരിയായ വളം കൃത്യമായ അളവിൽ ഉപയോഗിക്കാൻ കർഷകർക്ക് സാധിക്കുന്നു

നീർത്തടസമിതി അംഗമായ ഇ.ശങ്കുവിന്റെ വീട്ടിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ പുല്ലുണ്ടശ്ശേരി നീർത്തടസമിതി സെക്രട്ടറി എ. സുബ്രമണ്യൻ, നീർത്തട കമ്മിറ്റി പ്രസിഡന്റ് എം. രാജൻ, എൻ. ഭാസ്കരൻ, ദിലീപ് കുമാർ, എ. രാധ, ബാബു കെ., ഉണ്ണികൃഷ്ണൻ ഇ., കുഞ്ഞിരാമൻ ടി., ഉണ്ണികൃഷ്ണൻ ഇ.കെ., രമ്യ ടി. എന്നിവരെ കൂടാതെ ഐ.ആർ.ടി.സി പ്രതിനിധികളായ സോഫി കെ. ആന്റണി, പ്രവീൺ കെ.വി. എന്നിവരും പങ്കെടുത്തു.

## ബയോബിൻ വിതരണോദ്ഘാടനം

പുല്ലുണ്ടശ്ശേരി നീർത്തടത്തിൽ നബാർഡ് സോയിൽ പ്രോജക്ടിന്റെ ഭാഗമായി ബയോബിൻ വിതരണോദ്ഘാടനം നടന്നു. ജൂലൈ 18ന് രാവിലെ ഐ.ആർ.ടി.സി അഡ്മിനിസ്റ്റേറ്റീവ് ഓഫീസർ എം. രാമചന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. ആദ്യഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെട്ട ശാസ്ത്രീയ ഗൃഹമാലിന്യസംസ്കരണ ഉപാധിയായ ബയോബിൻ 12 ഗുണഭോക്താക്കൾക്ക് 75 ശതമാനം സബ്സിഡിയിൽ ആണ് നൽകിയത്. ചടങ്ങിൽ നീർത്തട കമ്മിറ്റി പ്രസിഡൻറ് എം. രാജൻ, സെക്രട്ടറി എ. സുബ്രഹ്മണ്യൻ, ഇ. ശങ്കു, എൻ. ഭാസ്കരൻ, ദിലീപ് കുമാർ, എ. രാധ, തത്ത, രമ്യ, ഐ.ആർ.ടി.സി പ്രതിനിധി പ്രവീൺ എന്നിവർ സംബന്ധിച്ചു

# പൂതനക്കയത്ത് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തു

നബാർഡ് സോയിൽ പ്രാജക്ടിന്റെ ഭാഗമായി പൂതനക്കയം നീർത്തടത്തിൽ നിന്നും ശേഖരിച്ച സോയിൽ സാമ്പിളുകൾ ടെസ്റ്റ് ചെയ്ത് സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് വിതരണം ചെയ്തു. വിതരണോൽഘാടനം ജില്ലാ പഞ്ചായത്ത് മെമ്പർ എ.ടി ഔസേപ്പിന്റെ അദ്ധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കവിത മാധവൻ നിർവ്വഹിച്ചു. കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി മണ്ണിന്റെ ഘടനയിൽ ഉണ്ടായ മാറ്റത്തിന്റെ സാഹചര്യത്തിൽ ഓരോ കർഷകനും മണ്ണ് പരിശോധിച്ച് ശാസ്ത്രീയമ്മായി കൃഷി ചെയേണ്ടതിന്റെ ആവശ്യകതയേക്കുറിച്ച് നിർത്തട കമ്മറ്റി സെക്രട്ടറി തോമസ് മാത്യു സംസാരിച്ചു. കർഷകർ നീർത്തട കമ്മറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# മണ്ണ് പരിശോധനാ പരിശീലന പരിപാടി

ഐ.ആർ.ടി.സി. മണ്ണ് പരിശോധന ലബോറട്ടറിയിൽ അട്ടപ്പാടി കില ലബോറട്ടറി അംഗങ്ങൾക്ക് പരിശീലനം നൽകി. പരിശീലന പരിപാടി പ്രൊഫ. പി. കെ. രവീന്ദ്രൻ ഉത്ഘാടനം ചെയ്തു. മാലിന്യസംസ്കരണ വിഭാഗം മേധാവി ഡോ. പി.എൻ. ദാമോദരൻ അധ്യക്ഷത നിർവഹിച്ചു. അഞ്ച് ദിവസം നീണ്ട് നിന്ന പരിശീലനത്തിൽ ഐ.ആർ.ടി.സി ഫാക്കൽറ്റി എ.എൻ. ശിവദാസ് വിവിധ വിഷയങ്ങളിൽ ക്ളാസ്സുകൾ നയിച്ചു.

# വാർഷിക ജനറൽബോഡി യോഗം ഓൺലൈനിൽ ചേർന്നു

ഐ.ആർ.ടി.സി സൊസൈറ്റിയുടെ വാർഷിക ജനറൽബോഡി യോഗം ആഗസ്റ്റ് 22 ന് നടന്നു. ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ ചേർന്ന യോഗത്തിൽ എല്ലാ നടപടികളും ചിട്ടയായും സമയബന്ധിതമായും പൂർത്തിയാക്കാൻ കഴിഞ്ഞു. ആദ്യമായാണ് ഐ.ആർ.ടി.സിയുടെ സുപ്രധാന യോഗങ്ങൾ ഓൺലൈനിൽ ചേരുന്നത്. കോവിഡ് സാഹചര്യത്തിൽ ഇതിനു മുമ്പ് നടന്ന ഐ.ആർ.ടി.സി എക്സിക്യൂട്ടീവ് യോഗവും ഓൺലൈനിലാണ് ചേർന്നത്.

ജനറൽബോഡി യോഗത്തിൽ ചെയർമാൻ എ. പി. മുരളീധരൻ അധ്യക്ഷത വഹിച്ചു. ഡയറക്ടറുടെ റിപ്പോർട്ട് ഡോ. എസ്. ശ്രീകുമാർ അവതരിപ്പിച്ചു. സാമ്പത്തിക റിപ്പോർട്ട് രജിസ്ട്രാർ കെ.കെ. ജനാർദ്ദനനും ഭാവി പരിപാടികൾ ഡോ. എൻ.കെ. ശശിധരൻ പിള്ളയുമാണ് അവതരിപ്പിച്ചത്. 65 പേർ യോഗത്തിൽ പങ്കെടുത്തു. ഡോ. ബി. ഇക്ബാൽ, കെ.കെ. കൃഷ്ണകുമാർ, ഡോ. എൻ. ഷാജി, ഡോ. ഹരികുമാരൻ തമ്പി, കെ. രാധൻ, പ്രൊഫ. കെ. ബാലഗോപാലൻ, ടി. ഗംഗാധരൻ, പി. ഗോപകുമാർ, എൻ. ജഗജീവൻ, ടി.കെ. മീരാബായ്, ഇ. വിലാസിനി, വി. മനോജ് കുമാർ, പി. കെ. നാരായണൻ, പി. രമേഷ് കുമാർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

റിപ്പോർട്ട്, കണക്കുകൾ എന്നിവ അംഗീകരിച്ച ശേഷം പുതിയ നിർവ്വാഹകസമിതി അംഗങ്ങളെയും ഓഡിറ്റർമാരെയും തിരഞ്ഞെടുത്തു. എ. കെ. മാത്യു അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തി.



ഐ.ആർ.ടി.സി ജനറൽബോഡി യോഗത്തിൽ മാത്യു എ. കെ., ഡോ.എസ്. ശ്രീകുമാർ, കെ.കെ. ജനാർദ്ദനൻ എന്നിവർ പങ്കെടുക്കുന്നു



**ലില്ലി കർത്ത**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**പി.പി.സി**

പരിഷത്ത് പ്രൊഡക്ഷൻ സെന്ററിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ലില്ലി കർത്ത ചുമതലയേറ്റെടുത്തു.

## പുതിയ നിയമനങ്ങൾ



**ഡോ. സി. ജോർജ്ജ് തോമസ്**
**റിസർച്ച് ഡയറക്ടർ**

ഐ.ആർ.ടി.സിയുടെ റിസർച്ച് ഡയറക്ടറായി ഡോ. സി. ജോർജ്ജ് തോമസ് ചുമതലയേറ്റെടുത്തു. കേരള കാർഷിക സർവ്വകലാശാലയിലെ കോളേജ് ഓഫ് ഹോർട്ടികൾച്ചറിൽ പ്രൊഫസറും അഗ്രോണമി വിഭാഗം തലവനുമായി വിരമിച്ച അദ്ദേഹം ഗവേഷണ രീതിശാസ്ത്രമുൾപ്പെടെയുള്ള വിഷയങ്ങളിൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കാർഷികമേഖലയുമായി ബന്ധപ്പെട്ട നിരവധി സമിതികളിൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഡോ. ജോർജ്ജ് തോമസ് ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പരിസ്ഥിതി, ഗവേഷണ സബ് കമ്മിറ്റികളിലെ പ്രധാന ചുമതലകൾ വഹിച്ചിട്ടുണ്ട്.



**ഇ. അബ്ദുൽ ഹമീദ്**

കോഴിക്കോട് CWRDM ൽ നിന്ന് സയന്റിസ്റ്റായി വിരമിച്ച ഇ. അബ്ദുൽ ഹമീദ് ഐ.ആർ.ടി.സി പ്രകൃതി വിഭവ മാനേജ്മെന്റ് ഡിവിഷനിൽ അസോസിയേറ്റ് ഫെലോ ആയി നിയമിതനായി. ഹൈഡ്രോളജി, ജിയോ ടെക്നോളജി, നീർത്തട പരിപാലനം തുടങ്ങിയ വിവിധ ശാഖകളിൽ പ്രവർത്തന പരിചയമുള്ള അബ്ദുൽ ഹമീദ് ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുൻനിര പ്രവർത്തകനുമാണ്.



**ഡോ. പി. എൻ. ദാമോദരൻ**

ഐ.ആർ.ടി.സിയിലെ മാലിന്യസംസ്കരണ വിഭാഗത്തിന്റെ തലവനായി ചുമതലയേറ്റെടുത്ത ഡോ. പി. എൻ. ദാമോദരന് ഇന്ത്യയിലും വിദേശത്തും വിവിധ അക്കാദമിക സ്ഥാപനങ്ങളിൽ പ്രവർത്തന പരിചയമുണ്ട്. സൌത്ത് കൊറിയയിലെ കോളേജ് ഓഫ് നാഷണൽ സയൻസസിൽ അധ്യാപകനായും ചൈനയിലും ദക്ഷിണ കൊറിയയിലെയും ഇതര സ്ഥാപനങ്ങളിൽ ഗവേഷകനായും പ്രവർത്തിച്ചിട്ടുണ്ട്.



**എ. എൻ. ശിവദാസ്**

എ.എൻ. ശിവദാസ് അസോസിയേറ്റ് ഫെല്ലോ ആയി ചുമതലയേറ്റു. ഐ.ആർ.ടി.സി ലബോറട്ടറിയിലെ ചീഫ് കെമിസ്റ്റാണ് അദ്ദേഹം. സർക്കാർ മണ്ണ് പരിശോധന ലാബിന്റെ തലവനായി വിരമിച്ച ശിവദാസ് വിദേശ ലബോറട്ടറികളിലും പ്രവർത്തിച്ചിട്ടുണ്ട്.



**സി. ടി. അജിത് കുമാർ**

ഐ.ആർ.ടി.സി എനർജി വിഭാഗം തലവനായി നിയോഗിക്കപ്പെട്ട സി. ടി. അജിത് കുമാർ ANERT ൽ റീജ്യണൽ ഹെഡ് പദവിയിൽ പ്രവർത്തിച്ചു വരികയായിരുന്നു.



**ഇ. കെ. യൂസഫ്**

ഐ.ആർ.ടി.സി പ്രകൃതി പരിപാലന വിഭാഗത്തിൽ അസോസിയേറ്റ് ഫെല്ലോ ആയി ഇ.കെ. യൂസഫ് നിയമിതനായി. കേരള കൃഷിവകുപ്പിൽ ദീർഘകാല പ്രവർത്തന പരിചയമുള്ള യൂസഫ് അസിസ്റ്റന്റ് ഡയറക്ടറായാണ് വിരമിച്ചത്.

Published by Integrated Rural Technology Centre, Mundur, Palakkad | Ph: 0491-2862324, 2862663 | E-mail ID: mail@irtc.org.in
Editor: Akhila M. | Design & Layout: Prajeesh A.